ഡിജിറ്റൽ മാഗസിൻ

## ഗുഹാനന്ദപുരം എച്ച്. എസ്. എസ്

# ഛായാമുഖി






# ഡിജിറ്റൽ മാഗസിൻ

# ഛായാമുഖി

## ഗുഹാനന്ദപുരം എച്ച്.എസ്.എസ്

**ചവറസൗത്ത്**



ബ്രഹ്മശ്രീ ഷൺമുഖദാസ്

സ്വാമികൾക്കു മുന്നിൽ

**പ്രണാമങ്ങളോടെ**

വർണങ്ങളുടെ നിറച്ചാർത്തുകൾ
നിറയുന്ന കാലമാണ് കുട്ടിക്കാലം.
അക്ഷരങ്ങളുടെ മായാലോകത്തേക്ക്
വർണച്ചിറകുകളുമായി ഞങ്ങൾ
പറന്നെത്തുന്നു.അതുകൊണ്ട് തന്നെ
ഈ എളിയ സാഹിത്യസൃഷ്ടികൾ
പ്രിയവായനക്കാർക്ക് മുന്നിൽ
വിനയപുരസ്സരം സമർപ്പിക്കുന്നു

# <u>ഉള്ളടക്കം</u>


1.കഥ ഹിമ എസ്.പ്രിജ്ഞ

2.കവിത ആദിത്യ. എ

3.ഉപന്യാസം ആർദ്രാമേരി

4.ഉപന്യാസം ദേവിക.ആർ

5.കഥ ദേവിക.എസ്

6.ഉപന്യാസം ലീനചന്ദ്

7.ഉപന്യാസം ലക്ഷ്മീബാബു

8.ഉപന്യാസം അനശ്രുത

9.കഥ ശരണ്യാരാജ്

10.ഉപന്യാസം നന്ദന

ചെറുകഥ 6

# ഒരേ അവസ്ഥ



അന്ന് രാവിലെ അവന്
ഒരു നല്ല ദിനത്തിന്റെ തുടക്കം
ആയിരുന്നു . തന്റെ സിസ്റ്ററമ്മയുടെ വാക്കു പ്രകാരം അവനിന്ന്
നാടൊക്കെ ചുറ്റാനുള്ള അവസരം ലഭിച്ചിരുന്നു .''ഉണ്ണീ.... നി
എവിടേക്കാ ?''
അപ്പുറത്തു നിന്ന് ലക്ഷ്മിയാണ് വിളിച്ചത് . ഉടൻ തന്നെ അവൻ മറുപടി
പറയുകയുണ്ടായി. ''ഉണ്ണി'' അവൻ ഒരു അനാഥനാണ്
ചെറിയപ്രായത്തിൽ തന്നെ
തന്റെ അച്ഛനും അമ്മയും അവനെ അനാഥമന്ദിരത്തിൽ കൊടുത്തു.
അതുകൊണ്ട് തന്നെ അവിടെ ഉള്ളവരുടെ
കണ്ണിലുണ്ണിയാണ് അവൻ . എല്ലാവരുടെയും സന്തോഷത്തിലും
സങ്കടത്തിലും അവൻ പങ്കാളിയാകും. അങ്ങനെ ഒരു നല്ല
മനസ്സിനുടമയാണ് ഉണ്ണി. രാവിലെ തന്നെ കുളിച്ചൊരുങ്ങി

സിസ്റ്ററമ്മയുടെ അനുഗ്രഹത്താൽ അവൻ നാടു ചുറ്റാനിറങ്ങി. ഒരു ചെറു പട്ടണത്തിലാണ് ആ അനാഥമന്ദിരം സ്ഥിതിചെയ്യുന്നത്. സിസ്റ്ററമ്മ കൊടുത്ത പത്തുരൂപയിൽ നിന്ന് അവൻ രണ്ട് രൂപയ്ക്ക് 1 മിഠായി വാങ്ങി നുണഞ്ഞു നടക്കാൻ തുടങ്ങി. നടന്ന് നടന്ന് അവൻ ഒരു ശാന്തമായ സ്ഥലത്തെത്തി . ആ വഴിയിലൂടെ കുറച്ചു വാഹനങ്ങളെ കടന്നു പോകുന്നുള്ളൂ.വഴിയരികിൽ വലിയ തണൽ മരങ്ങൾ അവയ്ക്കു താഴെ വിശ്രമത്തിനായി ബഞ്ചുകൾ . അവൻ മിഠായി നുണഞ്ഞു നടക്കുമ്പോഴാണ് തന്റെ മുമ്പിലൂടെ ഒരു ചുവന്ന കാർ ചീറിപ്പാഞ്ഞ് വന്ന് നിർത്തിയത് . അതിൽ നിന്നും ഒരാൾ പുറത്തേക്കിറങ്ങി പിന്നീടയാൾ കാറിന്റെ പിന്നിലുള്ള ഡോർ തുറന്നു . എന്താ സംഭവിക്കുന്നതെന്നറിയാതെ അവൻ ഒരു തണൽമരത്തിനു പിറകിൽ

ഒളിച്ചിരുന്നു . അയാൾ കാറിൽ നിന്നും ഒരു വൃദ്ധയായ സ്ത്രീയെ പുറത്തേക്കിറക്കി.അവരെ അവിടെയുള്ള ഒരു ബെഞ്ചിൽ ഇരുത്തി.എന്നിട്ടയാൾ സ്വരം താഴ്ത്തി പറഞ്ഞു.''അമ്മേ...ഞാൻ ഇപ്പോൾ വരാം എനിക്ക് ദേ കുറച്ചങ്ങ് കാണുന്ന കമ്പിനിയിൽ കേറേണ്ടതുണ്ട്. അമ്മ ഇവിടെ ഇരുന്നോ ഞാൻ ഇപ്പോൾ തന്നെ വന്ന് അമ്മയെ കൂട്ടി കൊണ്ട് പോകാം. അവന്റെ വഞ്ചനവാക്ക് കേട്ട് ആ അമ്മ അത് വിശ്വസിച്ചു. അവർ അവിടെ ഇരുന്നു. അയാൾ ഉടൻ തന്നെ കാറിൽ കയറി പോയി. ഇതെല്ലാം കണ്ടുകൊണ്ട് അവൻ ആ തണൽ മരത്തിനരുകിൽ നിൽപ്പുണ്ടായിരുന്നു. കുറെ സമയം കഴിഞ്ഞു ആ അമ്മ ആകെ വേവലാതിപ്പെട്ടു . കുറച്ചു സമയം കഴിഞ്ഞു ആ അമ്മ കരയാൻ തുടങ്ങി . ഉണ്ണി പതുക്കെ ആ

മരച്ചുവട്ടിൽ നിന്ന് അവരുടെ അടുത്തേക്കു നടന്നു . ആ അമ്മ കുനിഞ്ഞിരിക്കുയാണ് ഉണ്ണി അവരുടെ കൈത്തണ്ടയിൽ  പിടിച്ചു . പെട്ടെന്ന് ആ അമ്മ തല ഉയർത്തി നോക്കി . അവർ തന്റെ മകനാണെന്നു കരുതിയാണ് തല ഉയർത്തിയത് . മുൻപിൽ കണ്ട കൊച്ചു കുട്ടിയെ കണ്ടപ്പോൾ അവർക്ക് തന്റെ മകന്റെ കുട്ടിക്കാലം ഒന്ന് മിന്നി മറഞ്ഞു .

അവർക്ക് മനസ്സിലായി തന്റെ മകന് തന്നെ വേണ്ടതായി അവൻ തന്റെ ഉയരങ്ങളിലേക്ക് ആ അമ്മയെ തടസ്സമാക്കാതെ ഉപേക്ഷിച്ചതാണെന്ന് അവർ മനസ്സിലാക്കി . ഉണ്ണിയുടെ മുഖം ആ അമ്മയെ നെടുവീർപ്പിലാക്കി . ഉണ്ണിക്ക് അമ്മ ഇല്ലാത്തതിനാൽ അവൻ ഇതുവരെയും ആരെയും ''അമ്മേ''... എന്നു വിളിച്ചിട്ടില്ല.അവൻ പതുക്കെ ആ സ്ത്രീയെ 'അമ്മേ'...എന്നു വിളിച്ചു .ആ വിളിയിൽ ആ അമ്മയുടെ മനസ്സാകെ തകർന്നു . തനിക്കൊരമ്മയെ കിട്ടിയതിന്റെ സന്തോഷം അവന്റെ മുഖത്തുണ്ടായി . അവൻ ആ അമ്മയോട് പറഞ്ഞു . ''അമ്മേ നിങ്ങൾ ആരാണെന്നു എനിക്കറിയില്ല . പക്ഷേ ഇവിടെ നടന്നതൊക്കെ ഞാൻ കണ്ടിരുന്നു.'' അമ്മ വരൂ ഞാൻ കൊണ്ടുപോകാം എന്റെ വീട്ടിലേക്ക് . ''ഇല്ല നിന്റെ വീട്ടിലുള്ളവർക്കൊക്കെ ഞാൻ ശല്ല്യമാവില്ലേ '' . അമ്മ മറുപടി പറഞ്ഞു . ഇല്ല ,അമ്മയെപ്പോലുള്ള എത്ര യെത്ര പേരാണ് എന്റെ വീട്ടിലുള്ളത് അമ്മ വരൂ അവരിൽ ഒരാളായി അമ്മയ്ക്ക് അവിടെ കഴിയാം.'' അവന്റെ വാക്കിൽ ആ

**അമ്മയ്ക്ക് മനസ്സിലായിരിക്കുന്ന തനിക്കും അവനും ''ഒരേ അവസ്ഥ''യാണെന്ന്. ഉണ്ണി ആ സ്ത്രീയുമായി തന്റെ സ്വർഗത്തിലേക്ക് നടന്നു.**

**ഹിമ എസ് . പ്രിജ്ജ**

**2**



# <u>മഴ</u>

ഉച്ചനേരത്തൊരു
കൊച്ചുമയക്കത്തിൽ
പിച്ചവച്ചെത്തിയ കാർമുകിലെ
തല്ലിച്ചിതറുമാ ചില്ലുകണക്കെയെൻ
മുന്നിലുൻമാദിനിയായ് പൊഴിഞ്ഞു.
പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോല കൂട്ടങ്ങളും
കാറ്റിൻ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിന്റെ കുളിരേറ്റു വാങ്ങുന്നുവോ
പുഴമേലെ ഓളങ്ങൾ അണയുന്നുവോ
മല മുകളിലെ ഉറവയോടിഴുകുന്നുവോ

നിന്റെ സ്തുതിഗീതം അലകളായ് തഴുകിടുമ്പോൾ.

എന്റെ ഗതകാല സ്മരണകൾ ഉണരുന്നിതാ

മഴയൊരു ഗീതമാകുന്നുവോ എൻമനമൊരു 3

മയിലായ് ആടുന്നുവോ നീളുന്ന ചെമ്മണ്ണു പാതയിൽ

മഴനീരു നുഴയുന്നു,നാഗത്തെപ്പോൽ ദൂരെ

മഴനീരു നുഴയുന്നു നാഗത്തെപ്പോൽ.



ഉപന്യാസം


# കേരളസമൂഹവും ധൂർത്തും

ഉള്ളതുകൊണ്ട് ഓണംപോലെ എന്നതായിരുന്നു ഒരു കാലംവരെ കേരളീയരുടെ ജീവിതാദർശം.എന്നാൽ പതിയെ പതിയെ മലയാളികൾ അതു മറക്കുകയും മറ്റുള്ളവരുടെ ജീവിതത്തിനനുസരിച്ച് സ്വന്തം ജീവിതം മാറ്റുകയും ചെയ്തു.മറ്റുള്ളവരുടെ ജീവിതം കണ്ട് അതിനൊപ്പമെത്താൻ നടത്തുന്ന ശ്രമങ്ങൾ ധൂർത്തിന്റെ വഴിയിലേക്ക് പുതുതലമുറയെ നയിക്കുന്നു.ഈ ധൂർത്ത് വ്യക്തികളെ മാത്രമല്ല,സമൂഹത്തെയാകെ കാർന്നുതിന്നുന്ന മാരകരോഗമായി മാറി.ഉള്ളതെല്ലാം വിറ്റുപെറുക്കി ധൂർത്ത് കാണിക്കുകയും അതിനുശേഷം കടം വാങ്ങിയും മോഷ്ടിച്ചും ആർഭാടത്തിന്റെ വഴിയെതന്നെ സഞ്ചരിക്കുകയും ചെയ്യുന്നു മലയാളികൾ.ആഡംബരജീവിതം നയിക്കാനുള്ള പണം സമ്പാദാക്കുന്നതിനായി എന്തും ചെയ്യുന്ന നിലയിലേക്ക് നമ്മുടെ യുവതലമുറയും മാറുന്നു.കോടികൾ മുടക്കി സമ്പന്നർ വിവാഹം പോലെയുള്ള ചടങ്ങുകൾ നടത്തുമ്പോൾ അത് അനുകരിക്കാൻ കടം വാങ്ങി സാധാരണക്കാരും ആ നിലയിൽ വിവാഹങ്ങളും മറ്റു ചടങ്ങുകളും നടത്തുന്നു.ധൂർത്ത് ഒഴിവാക്കണമെന്നും ലളിതമായ

ജീവിതമാണ് മഹത്തരം എന്നും ബോധ്യപ്പെടുത്താൻ എല്ലാ മതസമുദായ രാഷ്ട്രീയ സംഘടനകളും മുന്നിട്ടിറങ്ങണം.

5

ആർദ്രാ മേരി



ഉപന്യാസം

# വിദ്യാഭ്യാസരംഗത്ത് കമ്പ്യൂട്ടറുകളുടെ പങ്ക്

നവോത്ഥാന കാലം മുതൽക്കെ തന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ മനുഷ്യൻ ശാസ്ത്രത്തെ ആശ്രയിക്കാൻ തുടങ്ങി.പത്തൊമ്പതാം നൂറ്റാണ്ടിലെ മനുഷ്യൻ അങ്ങനെ തന്റെ സഞ്ചാരത്തിന്റ വേഗതയും ഉൽപ്പാതന രംഗത്തെ ക്ഷമതയും വർദ്ധിപ്പിച്ചു.വിരസമായ ജോലികൾ ചെയ്യുന്നതിൽ നിന്നും അവൻ സ്വയം രക്ഷിച്ചു.ശാസ്ത്രം മനുഷ്യജീവിതത്തെ മാറ്റുകയും മെച്ചപ്പെടുത്തുകയും ചെയ്തു.അതിന്റെ ഫലമായി മനുഷ്യൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിൽ സമൃദ്ധിയും സമ്പത്തും നിറഞ്ഞ ഒരു യുഗം പിറന്നു.മനുഷ്യന്റെ വിരസമായ ജോലികളിൽ ഒരു പങ്ക് യന്ത്രങ്ങൾ ഏറ്റെടുത്തു.വേഗത,കൃത്യത,വൈവിധ്യം എന്നിവ കണക്കിലെടുത്താൽ മനുഷ്യന്റെ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും മികച്ചതാണ് കമ്പ്യൂട്ടർ എന്നു പറയാൻ കഴിയും.


കമ്പ്യൂട്ടറുകളുടെ ആദ്യയുഗം കണക്കുകൂട്ടുന്നതിലാണ് ശ്രദ്ധയൂന്നിയിരിക്കുന്നത്.ഇപ്പോൾ നാം ഒരു പുതുയുഗത്തിലേക്ക് പ്രവേശിക്കുകയാണ്.ഇന്ന് യുക്തിപൂർവം കാര്യങ്ങൾ വിശകലനം ചെയ്യാൻ കഴിവുള്ള കമ്പ്യൂട്ടറുകൾ നമുക്ക് കാണാൻ സാധിക്കും.ഇതോടുകൂടി

ഉപകാരപ്രദമായ ഒരു യന്ത്രം എന്നതിൽ നിന്നും ഒഴിച്ചുകൂടാനാവാത്ത ഒരു യന്ത്രം എന്ന നിലയിലേക്ക് കമ്പ്യൂട്ടറുകൾ മാറുകയാണ്. 'അറിവ് ശക്തിയാണ് ' കമ്പ്യൂട്ടറുകളാകട്ടെ അറിവിനെ വർധിപ്പിക്കുന്നു.സംഭാഷണം നടത്തുക,പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങി മനുഷ്യന്റെ കുത്തകയാണ് ഇന്നുവരെ കരുതപ്പെട്ടിരുന്ന പ്രവർത്തികൾ ചെയ്യാൻ കമ്പ്യൂട്ടറുകൾ പ്രാപ്തമായിരിക്കുന്നു.

കമ്പ്യൂട്ടറുകളിൽ ശേഖരിച്ചുവെയ്ക്കാൻ കഴിയുന്ന വിവരണങ്ങളുടെ ശേഖരം വിദ്യാസമ്പാതനത്തെ പരിപോഷിപ്പിക്കാൻ ഉപയോഗപ്പെടുത്താം.ദൈർഘ്യമേറിയതും സങ്കീർണ്ണവുമായ ഗണിത പ്രക്രിയകൾ ചെയ്യാൻ കമ്പ്യൂട്ടറുകളുടെ കഴിവ് വിജയകരമായി ഉപയോഗിക്കാനാവും.വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും കമ്പ്യൂട്ടറുകൾ പരിശീലനോപാധികളായി ഉപയോഗപ്പെടുന്നുണ്ട്.

പ്രോഗ്രാമുകളുടെ രൂപത്തിൽ ധാരാളം വിവരങ്ങൾ കമ്പ്യൂട്ടറുകളിൽ ശേഖരിക്കാനും സൂക്ഷിച്ചുവെയ്ക്കാനും സാധിക്കും.ഇത്തരം വിവരങ്ങൾ അദ്ധ്യായത്തിനു ഉപയോഗിക്കാനാകും. ഉന്നതവിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ശാസ്ത്ര സാങ്കേതിക രംഗത്ത് കമ്പ്യൂട്ടറുകളെ പഠന സഹായിളായി ഉപയോഗപ്പെടുത്താം,ഗണിതപട്ടിക ഉപയോഗിക്കുന്നതു പോലെ കമ്പ്യൂട്ടറുകളെയും പഠനസഹായികളായി ഉപയോഗിക്കാം.

അദ്ധ്യാപകരുടെ ഭരണപരമായ ജോലികൾ എളുപ്പമാക്കി അവർക്ക് പഠിപ്പിക്കുവാൻ കൂടുതൽ സമയം കണ്ടെത്താൻ കമ്പ്യൂട്ടറുകൾ സഹായിക്കുന്നു.വിദ്യാഭ്യാസത്തിലെ മാനുഷിക ഘടകം കമ്പ്യൂട്ടറുകളുടെ വരവോടെ ഇല്ലാതാകുമോ എന്ന ചോദ്യം ഒരുപക്ഷെ നമ്മുടെ മനസ്സുകളിൽ ഉയർന്നു വന്നേക്കാം.അത് സമയത്തിനു മാത്രം ഉത്തരം നൽകാൻ കഴിയുന്ന ഒരു ചോദ്യമാണ്..........



**സുഹൃത് ബന്ധം**

ഒരിടത്തൊരിടത്ത് കേശു

എന്ന ഒരു പൂച്ചയുണ്ടായിരുന്നു.അവന് കൂട്ടുകാരാ-

രും ഉണ്ടായിരുന്നില്ല.അങ്ങനെ ഒരു ദിവസം കേശു

അവന്റെ ഭക്ഷണം തേടിപ്പോയി.അവൻ

ആഗ്രഹിച്ചതുപോലെ തനിക്ക്  ഇഷ്ടപ്പെട്ട ഭക്ഷണം

കിട്ടി. അവന്റെ ഇഷ്ടഭക്ഷണം

മീനാണ്.അതുമായിവരുന്ന വഴി ഒരു മരത്തിൽ

നിന്ന് അണ്ണാൻ താഴെ വീണ് കിടക്കുന്നു.ആ അണ്ണാൻ

കരയുന്നുമുണ്ടായിരുന്നു.അങ്ങനെ കേശു അണ്ണാനെ

എടുത്തുകൊണ്ട് വീട്ടിൽ കൊണ്ടുപോയി.അവൻ ആ

അണ്ണാന്റെ മുറിവുകളിൽമരുന്നുവെച്ചു.അണ്ണാനുബോധം

വന്നപ്പോൾ പേര് ചോദിച്ചും പറഞ്ഞും

സുഹൃത്തുക്കളായി.കേശു അവന് ഭക്ഷണം

കൊടുത്തു.അവൻ അത് കഴിച്ചു . മുറിവുകൾ

സുഖകരമാക്കി . അണ്ണാനെ മടക്കി അയച്ചു.

പിന്നെ പലപ്പോഴും കാണുകയും വരുകയും വീട്ടിൽ

താമസിക്കുകയും ഒക്കെ ചെയ്തു.ഒരുന്നാൾ

കേശുവിനെ കാണാതെ കിട്ടു തിരക്കിപ്പോയി.

കേശുവിന്റെ വീട്ടിൽ ചെന്നപ്പോൾ അവന് തീരെ

വയ്യാതെ പനിയായി കിടക്കുന്നു.കിട്ടുവന്ന്

വൈദ്യനായ വാസുവിന്റെ എടുത്തു

കൊണ്ടപോയി.വൈദ്യൻ കുറേ പച്ചമരുന്നുകൾ

കൊടുത്തു.അങ്ങനെ അവന്റെ അസുഖം മാറി. അവർ സന്തോഷത്തോടെ ജീവിച്ചു.

**ദേവിക.എസ്**

8



# <u>പരിസ്ഥിതി</u>

എല്ലാ ജീവജാലങ്ങളും

9 അതിജീവനത്തിനു വേണ്ടി പരിസ്ഥിതിയെ ആശ്രയിക്കുന്നു . അതു കൊണ്ട് തന്നെ പരിസ്ഥിതി സംരക്ഷണം വളരെ ഗൗരവമേറിയ ഒന്നാണ് . മറ്റ് ജ്ജീവജാലകങ്ങളിൽ നിന്നും വ്യത്യസ്തമായി മനുഷ്യന്റെ നിലനിൽപ്പ് പരിസ്ഥിതിക്ക് ഒരു ഭാരമായി ഭവിക്കുന്നു.

മനുഷ്യൻ പ്രകൃതിയെ ആശ്രയിച്ച് അതിനെ ശിക്ഷിച്ച് ജീവിക്കുന്നു . പക്ഷെ തിരിച്ചൊന്നും പ്രകൃതി നൽകുന്നില്ല . കഴിഞ്ഞ രണ്ട് നൂറ്റാണ്ടു കാലത്തിനിടയ്ക്ക് മനുഷ്യൻ പല മേഖലകളിലും വളരെ വലിയ പുരോഗതി നേടിയിട്ടുണ്ട് . മനുഷ്യന്റെ ചൂഷണം പ്രകൃതിയെ പരിഹരിക്കാനാകാത്ത രീതിയിൽ നശിപ്പിച്ചിരിക്കുന്നു .

പരിസ്ഥിതിയുടെ

സ്വഭാവത്തെക്കുറിച്ച് മനുഷ്യന് ഇന്നും ശരിയായ 9

അറിവില്ല. പ്രകൃതിയുമായി നിലനിർത്തേണ്ട

ബന്ധത്തെക്കുറിച്ച് അവനിന്നും വലിയ ധാരാണയില്ല .
മനുഷ്യപുരോഗതിയെ തടസ്സപ്പെടുത്തുന്ന രീതിയിൽ
പ്രകൃതി സംരക്ഷണം ആവിശ്യമില്ല എന്നാണ് ചിലർ

വാദിക്കുന്നത് . ഈ തോതിലുള്ള ചൂഷണം
പരിസ്ഥിതിക്ക് ഹാനീകരണമാണെന്ന് ചിന്തിക്കുന്നത്

യുക്തിസഹമാണ് . മനുഷ്യൻ ഒരു
നിയന്ത്രണവിമില്ലാതെ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്
പോലുള്ള വസ്തുക്കൾ ഈ സുന്ദരമായ ഗ്രഹത്തെ ഒരു
മരുപ്രദേശമാക്കി മാറ്റും

വരും തലമുറയോട് നാം ചെയ്യുന്ന

ഏറ്റവും വലിയ അനീതിയായിരിക്കും അത് .
അതുകൊണ്ട് ഇന്നുള്ള ഈ ചിന്താശൂന്യമായ
പരിസ്ഥിതി നവീകരണം ഉടനെ

അവസാനിപ്പക്കേണ്ടതാണ് .

ലീന ചന്ദ്

________

ഉപന്യാസം



# <u>വായനയുടെ</u>

# <u>പ്രാധാന്യം</u>

' വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ച വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും ' എന്ന കുഞ്ഞുണ്ണിമാഷിന്റെ  വാക്കുകൾ സമകാലികപ്രസക്തി വളർത്തുന്നു.ഇന്ന് പുസ്തകങ്ങളിൽ നിന്നും വഴിമാറി

നവസാങ്കേതികവിദ്യയുടെ ലോകത്ത് നിറഞ്ഞുനിൽക്കുകയാണ് പുതുതലമുറ,എന്നിരുന്നാലും വായന മരിച്ചു എന്ന് ഇക്കാലത്ത് പറയുന്നത് പൂർണമായും വാസ്തവമല്ല എന്നതാണ് വസ്തുത . എന്തെന്നാൽ വായന മരിച്ചിരുന്നെങ്കിൽ എഴുത്തച്ഛനും ,ഷേക്സ്പിയറും ,കാളിദാസനും വാത്മീകിയും ഒ.എൻ.വി.യും കുഞ്ഞുണ്ണിമാഷും തുടങ്ങി മലയാളത്തിലെയും മറ്റു ഭാഷയിലെ  സാഹിത്യകാരൻമാരും ഇന്നും നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞുപോയേനേ കാലതീരം കാവ്യ വിസ്മയം ...........

ഇന്ന് വായന മരിക്കുകയില്ല ,വായന ശീലം കുറയുന്നതാണ് നവ സമൂഹത്തിൽ കാണാൻ കഴിയുന്നത്. വാസ്തവത്തിൽ  നമ്മുടെ വായനാശീലം നമ്മെ ഒരു നല്ല വ്യക്തിത്വത്തിന് ഉടമയാക്കും. ഒരു പാടു വായനയിലൂടെ ഒരു അറിവു ലഭിക്കുന്നു . നമ്മൾ വായിക്കുന്ന കഥകളിലൂടെ നമ്മൾ വ്യത്യസ്ത സ്വഭാവക്കാരായ കഥാപാത്രങ്ങളെ , അവരുടെ ചിന്താഗതികളെ കണ്ടും കേട്ടും മനസ്സിലാക്കുന്നു. അതുപോലെ തന്നെ ആ കഥയിലൂടെ ഒരു ഗുണപാഠം മനസ്സിലാകുന്നു.ഒരുപാട് പുസ്തകം വായിക്കുന്ന ഒരാൾക്ക് വാക്കുകൾക്ക് ക്ഷാമം കാണില്ല. ശരിക്കും നാം ഒരു പുസ്തകം വായിക്കുന്നതിലൂടെ നാം ഒരു നായകനോ നായികയോ ദുഷ്ടനോ ദുഷ്ടത്തിയോ അതുപോലെ ആ  കഥയിലെ ആരെല്ലാമോ ആവുന്നു. ഒരു പുസ്തകം വായിക്കുന്നതിലൂടെ

ലഭിക്കുന്ന അനുഭൂതി മറ്റൊന്നിനും നൽകാനാവില്ല. കഥയിലെ കഥാപാത്രങ്ങളോടെന്നപോലെ എഴുത്തുകാർ ആ പുസ്തകം വായിക്കുന്ന നമ്മൾ ഓരോരുത്തരോടും

സംസാരിക്കുന്നു,അറിവ് നൽകുന്നു,അങ്ങനെ നമ്മളെ ഒരു

നല്ല വ്യക്തിത്വത്തിനുടമയാക്കുന്നു.നമ്മൾ നമ്മുടെ അമ്മയ്ക്കും അച്ഛനും സഹോദരനും കൂട്ടുകാർക്കും എത്രത്തോളം വിലകൽപ്പിക്കുന്നുവോ അതുപോലെ

നമ്മൾ പ്രാധാന്യം നൽകേണ്ടതും പുസ്തകത്തിനാണ് .

പുസ്തകം എന്നും നമ്മുടെ നല്ല ഒരു സുഹൃത്താകുന്നു.ആ സുഹൃത്ത് നമ്മെ നല്ലത് ഓർമ്മിപ്പിക്കുകയും ശരിയായ ദിശയിലേക്ക്  വഴികാട്ടുകയും ഒട്ടും ബോറടിപ്പിക്കാതെ

ഉപദേശിക്കുകയും ചെയ്യുന്നു.

അതെ,പുസ്തകം നമ്മുടെ

സുഹൃത്താകുന്നു അങ്ങനെ നമ്മുക്ക് വേണ്ടപ്പെട്ട

ആരെല്ലാമോ ആകുന്നു. പി.എൻ.പണിക്കർ ആഗ്രഹിച്ചപോലെ നമുക്ക് നമ്മുടെ സമൂഹം നല്ല പുസ്തകങ്ങൾ വായിക്കുന്ന നല്ല വ്യക്തിത്വത്തിനുടമകളായ

ആളുകളാകാം. വായന ഒരിക്കലും മരിക്കുന്നില്ല.... ഇനി

മരിക്കുകയുമില്ല....കാവ്യാതീതം കാവ്യവിസ്മയം.........

<u>ലക്ഷ്മി ബാബു</u>



# നദി

# സംരക്ഷണം...

ജല  ജീവന്റെ അമൃതാണ് ;നദികൾ രാജ്യത്തിന്റെ രക്തധമനികളും.ലോകമെമ്പാടുമുള്ള നാഗരികതകളെ രൂപപ്പെടുത്തിയെടുക്കുന്നതിൽ നദികൾ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്.എല്ലാ പുരോഗമന നാഗരികതകളും നദീതീരങ്ങളിൽ രൂപം കൊണ്ട് അഭിവൃദ്ധി പ്രാപിച്ചവയാണ്.

സസ്യങ്ങളുടെയും , മൃഗങ്ങളുടെയും മനുഷ്യന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാകാത്ത ശുദ്ധജലം നദികളിൽ സമൃദ്ധമായി ലഭിക്കുന്നു. ഇന്നും കാർഷിക പ്രവർത്തനങ്ങൾ ഒരു വലിയ അളവുവരെ നദീജലത്തെ ആശ്രയിച്ചാണ് നിലനിൽ-ക്കുന്നത്.ജലത്തിനുപുറമെ നദികൾ വഹിച്ചുകൊണ്ടുവരുന്ന വളക്കൂറുള്ള മണ്ണ് ഉൽ-പ്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

നദികൾ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക്സഹായിക്കുന്നു. ഊർജ്ജോൽപ്പാദനവും ഗതാഗതവും എളുപ്പമാക്കുന്നതിൽ നദികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.ജലഗതാഗതം എറ്റവും ചിലവ് കുറഞ്ഞ ഗതാഗതമാർഗമാണ്.നദികൾ ഒരു ഭൂവിഭാഗത്തിന് സൗന്ദര്യവും വൈവിധ്യവും നൽകുന്നു. നദീതീരങ്ങളിൽ നിന്ന് സൂര്യന്റെ ഉദയവും അസ്തമയവും കാണുന്നത് ഹൃദ്യമായ
ഒരനുഭവമാണ്.

നദികളുടെ പ്രാധാന്യം നാം തിരിച്ചറിയുന്നില്ല എന്നത് ദു:ഖകരമാണ്.ഇന്ന് നദീജലങ്ങളിൽ കീടനാശിനികളും രാസപദാർത്ഥങ്ങളും ഫാക്ടറികളിൽ നിന്നുള്ള വിഷം കലർന്ന മാലിന്യങ്ങളും ധാരാളം കാണാം.നദികൾ സംരക്ഷിക്കപ്പെടണം.സർക്കാർ നദീസംരക്ഷണം നടത്താൻ കാത്തുനിൽക്കാതെ

ജനങ്ങൾ സ്വയം മുൻകൈയ്യെടുത്ത് നദികളെ വൃത്തിയാക്കി സംരക്ഷിക്കാൻ തയ്യാറാകണം.പ്രകൃതിയുടെ അതുല്ല്യമായ സംഭാവനകളിൽ ഒന്നാണ് നദി .നമ്മെളെല്ലാവരും നദികളെ വൃത്തിയാക്കി സംരക്ഷക്കാൻ വേണ്ടി പരിശ്രുമിക്കണം...

അനസ്യുത

ചെറുകഥ

# ബുദ്ധിമതിയായ പെൺകുട്ടി



**ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം അവിവാഹിതനായിരുന്നു.**
**അദ്ദേഹം ഒരിക്കൽ ഒരു വിളംബരം പുറപ്പെടുവിച്ചു. ഈ ഗ്രാമത്തിലെ എല്ലാ കന്യകമാർക്കും രാജാവിന്റെ ഭാര്യയാകാൻ അവസരം ഉണ്ട്.പക്ഷെ, അവൾ ഈ ഗ്രാമത്തിലെ ഏറ്റവും വലിയ ബുദ്ധിമതിയായിരിക്കണമെന്നും പറഞ്ഞു.ഒരു മത്സരത്തിലൂടെയാണ് ആ പെൺകുട്ടിയെ തിരഞ്ഞെടുക്കുന്നത്.**

**അടുത്ത ദിവസം ഗ്രാമത്തിലെ എല്ലാ കന്യകമാരും കൊട്ടാരത്തിൽ ഒത്തുകൂടി.ഒരു സൈനികൻ വന്നിട്ട് പറഞ്ഞു:ഈ പച്ചക്കരിമ്പ് ഉപയോഗിച്ച് തീകൂട്ടി രാജാവിന് ആരാണോ ആദ്യം പായസം വച്ച്**

നൽകുന്നത് അവളായിരിക്കും രാജാവിന്റെ ഭാര്യ എല്ലാവരും ആശയക്കുഴപ്പത്തിലായി.

അതിൽ ഒരു പാവപ്പെട്ട കർഷകന്റെ മകൾ ഉണ്ടായിരുന്നു.അവൾ അതിബുദ്ധിമതിയാണ്.ആ സമയം അപ്പുറത്ത് കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ അവൾ കണ്ടു.അവരോട് ഈ കരിമ്പ് ചവച്ചരച്ചിട്ട് അതിന്റെ നാര് ചാക്കിൽ ഇടാൻപറഞ്ഞു.അതുപയോഗിച്ച് അവൾ പായസം വച്ച് രാജാവിന് നൽകി.

ശരണ്യരാജ്



# പ്ലാസ്റ്റിക് ഉപേക്ഷിക്കു
# പരിസ്ഥിയെ രക്ഷിക്കു

നമ്മുടെ വേണ്ടപ്പെട്ട ഘടകങ്ങളെല്ലാം നല്കുന്നത് പരിസ്ഥിയാണ്.നമ്മുടെ അമ്മയാണ്, ദൈവമാണ്.

നമ്മുക്ക് വേണ്ടുന്നതെല്ലാം പ്രകൃതി നല്കുന്നുണ്ട്. പ്രകൃതി സൗന്ദര്യത്തെക്കുറിച്ച് എത്രയോ കവികള്പാടിവാഴ്ത്തുന്നുണ്ട്.

എന്നാല് പ്രകൃതിയുടെ വില ഇന്ന് നമ്മള് മനസ്സിലാക്കുന്നില്ല. പ്രകൃതിയെ മനുഷ്യന് ഇപ്പോള് ചൂഷണം ചെയ്യുകയാണ്. പാരിസ്ഥിതിക പ്രശ്നങ്ങള് ഇപ്പോള് കൂടിക്കൊണ്ടിരിക്കുകയാണ്. മരങ്ങള് വെട്ടിനശിപ്പിച്ച് കുന്നുകള് ഇടിച്ചുനിരത്തി പാടങ്ങള് നികത്തുകയും തുടങ്ങിയ പരിസ്ഥിതി ദോഷപ്രശ്നങ്ങള് നിത്യേന നാം അറിഞ്ഞു കൊണ്ടിരിക്കുകയാണ്. ഇത്തരത്തില് പ്രകൃതിക്കുമേലുള്ള കൈയേറല് ഒട്ടും നന്നല്ല അല്ലങ്കില് അത് നമ്മുടെ നല്ല ഭാവിക്കല്ല.എന്ന ചിന്ത എന്നും നമ്മളില് ഉണ്ടാകേണ്ടതാണ്.

ഇതിലെ ഏറ്റവു ഗുരുതരപ്രശ്നങ്ങളാണ്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഇത് മണ്ണില് ചോരുന്ന വസ്തുവല്ലാ.ജലാശങ്ങളിലും മറ്റും മനുഷ്യര് പ്ലാസ്റ്റിക് മാലിന്യങ്ങള് നിക്ഷേപിക്കുന്നത് നാം കാണാറുണ്ട്.ഇതിന്റെ ഫലമായി ശുദ്ദജലത്തിന്റെ അളവ് കുറഞ്ഞു കൊണ്ടിരിക്കുകയാണ്.വായുവില്

പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ഫലമായി കാര്ബഡൈഓക്സൈഡിന്റെ അളവ് വര്ധിച്ചു കൊണ്ടിരിക്കുകയാണ്.മനുഷ്യന് ഗുണകരമായി ഇതില് നിന്ന് ഒന്നും ലഭിക്കുന്നില്ല.മനുഷ്യന്റെ അത്യാര്ത്തി കാരണം അടുത്ത തലമുറയ്ക്ക് ജീവിക്കാനുള്ള സാധ്യത നമ്മള് തന്നെ കുറച്ചു കൊണ്ടിരിക്കുകയാണ്.

ഇത്തരം പ്രവൃത്തികള് നമ്മളെല്ലാം വിചാരിച്ചാല് തിര്ക്കാവുന്നതേയുള്ളൂ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ട് പ്രകൃതിയ്ക്കെതിരെയുള്ള പ്രവൃത്തികള് നമ്മളാല് കഴിയുന്ന വിധം തടയുകയും ചെയ്യണം.ഈ പ്രശ്നങ്ങള് കൊണ്ട് യു.എന്.ഓ ജൂണ്-5 ലോകപരിസ്ഥിതി ദിനമായി ആചരിക്കുന്നു.

വരും തലമറയെക്കൂടി വിചാരിച്ചു കൊണ്ട് പ്രകൃതിയെ സംരക്ഷിച്ച് പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതം നമ്മുക്ക് നല്കുന്നതാണ്.

– നന്ദന.ബി